പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ. 278

13-03-2017 ൽ മറുപടിക്ക്

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ രാജേഷ്<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എം. സ്വരാജ്<br>ശ്രീമതി വീണാ ജോർജ്ജ് | ശ്രീ.വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും അവ സംഭരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ; | എ) സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ന്യായമായ വില നൽകി ഇടനിലക്കാരെ ഒഴിവാക്കി വിപണനം നടത്തുന്നതിന് വിവിധ സംവിധാനങ്ങൾ നടപ്പിലാക്കി വരുന്നു.<br>കൃഷി വകുപ്പിന്റെ കീഴിൽ നെടുമങ്ങാട്, ആനയറ, മരട്, മൂവാറ്റുപുഴ, വേങ്ങേരി, സുൽത്താൻബത്തേരി എന്നിവിടങ്ങളിലെ മൊത്ത വ്യാപാര വിപണികളിലും കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, തൃശ്ശൂർ ജില്ലകളിൽ പ്രവർത്തിക്കുന്ന 5 ജില്ലാ സംഭരണ വിതരണ കേന്ദ്രങ്ങളിലും കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഇടനിലക്കാരെ ഒഴിവാക്കി നേരിട്ട് വിപണിയിൽ കൊണ്ടുവന്ന് ലേലം ചെയ്ത് വിപണനം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ആഴ്ചയിൽ നിശ്ചിത ലേല ദിവസങ്ങളിൽ കർഷകർക്ക് കാർഷികോല്പന്നങ്ങൾ നേരിട്ട് എത്തിക്കുകയും അടിസ്ഥാന വില നിശ്ചയിച്ച് ലേലത്തിലൂടെ വിപണനം ചെയ്യുന്നതുമൂലം ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കും.<br>സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും ഹോർട്ടികോർപ്പ് ന്യായവില നൽകി സംഭരിച്ച് ഹോർട്ടികോർപ്പിന്റെ ചില്ലറ വില്പനശാല വഴി വില്പന നടത്തുന്നുണ്ട്. കർഷകരിൽ നിന്നുള്ള ഉല്പന്നങ്ങൾ വി.എഫ്.പി.സി.കെ യുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷക സമിതികളിൽ എത്തിച്ച് ലേലത്തിലൂടെ കൂട്ടായി വിപണനം ചെയ്യുന്നതുമൂലം കർഷകർക്ക് ന്യായമായ വില ലഭിക്കുന്നു. |

| | |
|---|---|
| | നെല്ലിന് ന്യായവില ഉറപ്പാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയും ഓയിൽപാം ഇൻഡ്യ ലിമിറ്റഡ് വഴിയും നെല്ല് സംഭരിച്ചു വരുന്നു. കേന്ദ്ര സർക്കാരിന്റെ ഇപ്പോഴത്തെ താങ്ങുവില കിലോയ്ക്ക് 14.70 രൂപയും സംസ്ഥാന സർക്കാരിന്റെ സംഭരണവില കിലോക്ക് 22.50 രൂപയുമാണ്. ഇതിലൂടെ നെൽകർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിന് സാധിക്കുന്നു.<br>നാളികേരത്തിന് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കൃഷിഭവനുകൾ വഴി കേരഫെഡ് മുഖേന നടപ്പിലാക്കിയ പദ്ധതിയിൽമാർക്കറ്റ് വിലയേക്കാൾ ഉയർന്ന നിരക്കായ കിലോക്ക് 25 രൂപ നിരക്കിലാണ് കർഷകരിൽ നിന്നും നേരിട്ട് നാളികേരം സംഭരിച്ചു വന്നിരുന്നത്. ഇപ്പോൾ നാളികേരത്തിന്റെ വിപണി വില സംഭരണ വിലയേക്കാൾ ഉയർന്നു നിൽക്കുകയാണ്. കർഷകർക്ക് പൊതു വിപണിയിൽ നിന്നും നല്ല വില ലഭിക്കുന്നുണ്ട്. |
| ബി) നിലവിലുള്ള അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ ഏതുവിധത്തിൽ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | ബി) ഉണ്ട്. അഗ്രോ സർവ്വീസ് സെന്ററിലെ അംഗങ്ങൾക്കു വിവിധ കാർഷിക യന്ത്രങ്ങളുടെ ഉപയോഗം, സർവ്വീസ് എന്നിവ സംബന്ധിച്ച് കൃഷി പരിപാലന മുറകൾ, ആധുനിക കൃഷി രീതികൾ എന്നീ വിഷയങ്ങളിൽ വിശദമായ പരിശീലനം നൽകുന്നതിന് കാർഷിക സർവ്വകലാശാലയുടെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെയും സേവനം ഫലപ്രദമായി ഉപയോഗിക്കാൻ സാധിച്ചിട്ടുണ്ട്.<br>അഗ്രോ സർവ്വീസ് സെന്ററുകൾ ഘട്ടം ഘട്ടമായി സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലേക്കും വ്യാപിപ്പിക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും കാർഷിക കർമ്മസേനകൾ രൂപീകരിക്കുന്നതിനും കൃഷി വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെയും, കാർഷിക കർമ്മസേനകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനതലത്തിൽ ഇവയെ ഏകോപിപ്പിച്ച് ഫലപ്രദമായി കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാനുമായി സംസ്ഥാനതലത്തിൽ ഒരു പ്രഗത്ഭനായ ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയമിക്കാനും കൃഷി വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ